# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 43 — 28.06.2016-ൽ മറുപടിയ്ക്ക്

## ലൈറ്റ് മെട്രോ റെയിൽ പദ്ധതി

**ചോദ്യം**

**ശ്രീ. വി.എസ്.ശിവകുമാർ**
**,, കെ.മുരളീധരൻ**
**,, കെ.എസ്.ശബരീനാഥൻ**
**,, എം.വിൻസെന്റ്**

(എ) തലസ്ഥാനത്ത് ലൈറ്റ് മെട്രോ റെയിൽ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് മുൻ ഗവൺമെന്റ് ആസൂത്രണം ചെയ്തിട്ടുള്ളത് ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

**മറുപടി**

**ശ്രീ.പിണറായി വിജയൻ**
(മുഖ്യമന്ത്രി)

(എ) യും (ബി) യും സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിരുന്നു. ഇതിനായി വിശദമായ പദ്ധതി റിപ്പോർട്ടും (ഡി.പി.ആർ) രൂപരേഖയും തയ്യാറാക്കുകയും പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നല്കുകയും ചെയ്തിട്ടുണ്ട്. പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി.യെ നിയമിച്ചുകൊണ്ട് കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് 20.01.2016- നാണ് കരാർ ഒപ്പുവച്ചത്. പദ്ധതിയുടെ ഡിപ്പോ/യാർഡ് നിർമ്മിക്കാൻ ആവശ്യമായ 19.54.716 ഏക്കർ സർക്കാർ ഭൂമി കോർപ്പറേഷന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

സ്ഥലമെടുപ്പിനാവശ്യമായ വിശദവിവരങ്ങൾ തയ്യാറാക്കുക, ലൈറ്റ് മെട്രോ പാതയിൽ ആവശ്യമായ മേൽപ്പാലങ്ങളുടെ രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കുക, പൈപ്പുകളും കേബിളുകളും സ്ഥാപിക്കാനുള്ള രൂപരേഖ തയ്യാറാക്കുക, ലൈറ്റ് മെട്രോ കോച്ചുകളുടെ രൂപകല്പനയും, ദർഘാസ് ക്ഷണിക്കുന്നതിനാവശ്യമായ സാങ്കേതിക വിവരണങ്ങളും തയ്യാറാക്കുക എന്നീ കർമ്മ പദ്ധതികൾ കെ.ആർ.റ്റി.എൽ തയ്യാറാക്കി വരുന്നുണ്ട്.

ഇതു കൂടാതെ കേന്ദ്രസർക്കാരിന്റെ അനുമതി എത്രയും വേഗം ലഭ്യമാക്കുന്നതിനുതകുന്ന നടപടികളും കർമ്മ പ ദ്ധതിയിൽ ഉ ൾപ്പെടു ത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | പദ്ധതിക്കുള്ള ടെണ്ടർ നടപടികളും കൺസൾട്ടൻസി നിയമനവും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ? | (സി) | പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടേൺകീ കൺസൾട്ടന്റ് നിയമനത്തിലേക്കും ടെണ്ടർ നടപടികളിലേക്കും കടക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ